വിഷയം – ഇനി അവർ പറയട്ടെ

# പുനർജന്മം

ആയിരമാധികൾ ചിത്തത്തിൽപേറി-
ഞാൻ ആശുപത്രിപ്പടികളോരോന്നായെണ്ണി
ഓരോ പടിയിലും പാദം പതിയുമ്പോൾ
വിശ്വാസക്കാറ്റിൽ ഞാൻ കുളിരുകൊണ്ടു.
മങ്ങിയവെട്ടത്തിലായിരമപമുറ
പമ്മി പതുങ്ങിയെന്നെ തേടിയെത്തി.
മിഴികളിലണയുന്നവിന്നും കിനാവുകൾ
പറയാതെയറിയാതെ മാഞ്ഞുപോയി.

കൈകൾ വിറച്ചാലും, ഹൃദയം പിടഞ്ഞാലും
സധൈര്യമാസത്യത്തിലെത്തി ഞാനും
വല്ലായി അക്ഷികൾത്തുറക്കുവാൻ
പ്രജ്ഞയും പിന്നോട്ട് നീങ്ങി പള്ളെ

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

ശക്തികളോരോന്നായ് ക്ഷയിക്കവെ
പടകളില്ലാത്തൊരു പാമരനായ്,
സ്വന്തങ്ങളില്ലാത്ത യാചകനായ്,
പച്ചയാം മനുഷ്യനായ് മാറിഞാനന്നേരം

കിടക്കുന്നുവെന്റെ പ്രാണന്റെ പാതി
പ്രാണവായുവിനായ് മൽപിടിച്ച്
പിച്ചിചീന്തപ്പെട്ടാദേഹം മുഴുവൻ
തുന്നിയെടുപ്പിക്കാൻ വൈദ്യർ ശ്രമിക്കുന്നു.
ആശ്വാസവാക്യങ്ങളായിരമെത്തി
പകലിൻചൂടിൽ ഞാനതിൽ പാർക്കാം
നിശയുടെ കാർന്നുതിന്നുന്ന ഏകാന്തതയിലോ?
ഉത്തരമില്ലാത്ത ചോദ്യങ്ങളായിരം എന്നിലെത്തി

ഓർമ്മകളോ? എന്താണവ?
മൺതരിയെപോലുമുണർത്താതെ
നാം നടന്നേറിയപ്പോൾ പതിഞ്ഞ കാൽപാടോ
നിൻ ഹൃദയമിടിപ്പിൽ ഞാൻ

ശ്വസിക്കുന്നുവെന്ന തിരിച്ചറിവോ?
നിന്നിലായിരുന്നുവെൻ
ഭൂമിതൻജീവനെന്ന യാഥാർത്ഥ്യമോ?
അറിയില്ലയോമനേ ഞാനൊന്നും

ഒരിഞ്ചുവിടാതെ ഞാൻ മുത്തങ്ങളേകിയ
ആ ദേഹത്തിലിന്ന് ചോരപ്പാടുകൾ
നിത്യവും ഞാൻ കോതിയൊതുക്കിയ
ആ കാർകൂന്തലിൻ പാതിയും മറ്റേതോ കരങ്ങളിൽ
എൻ കണ്ണീരേറ്റുവാങ്ങിയിരുന്നാ മാറിൽ
വൈദ്യനിന്ന് ജീവനെ തേടുന്നു
ഞാൻ താങ്ങും പിടിച്ചിരുന്നാ നിശ്വാസം
ഇന്ന് താളമറിയാതെയൊഴുകുന്നു.

ആരെന്നറിയില്ല, എന്തിനെന്നറിയില്ല,
ആർത്തിപൂണ്ട് ചേക്കേറിയാമേനിയിൽ
മദാതുമൃഗത്തിന്റെ ചോരയും ഗന്ധവും
ഏറ്റുവാങ്ങുമ്പോളവൾ വിലപിച്ചിരിക്കും

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 639 Participant Code: 339

ആളുകളോരോന്നായെത്തി തുടങ്ങി,
പെണ്ണിനെ നന്നാക്കാനുള്ള ദൗത്യവുമായ്
~~സംഘടനകളോരോന്നായ് ജാഥകൾ തുടങ്ങി~~
എന്ത് ധരിച്ചു? എന്ത് നിനച്ചു
അലറിക്കരഞ്ഞില്ലേ? രക്ഷയ്ക്കെത്തിയില്ലേ?

~~അ~~

സൂര്യകിരണങ്ങളോരോന്നായ് പോയിട്ടും
എന്തിനാവഴിയിൽ കാത്തുനിന്നു
സൂര്യനെ ഭയക്കണം, നോട്ടങ്ങൾ സഹിക്കണം
പണ്ടേ കേട് ഇലക്ക് തന്നെ
പോകുന്നദിശകളോരോന്നായ് മാറ്റണം
മനമല്ലേ, മകളല്ലേ, മണവാട്ടിയല്ലേ
മധുവൂറും വാക്യങ്ങളെത്രയെത്ര
എന്നിട്ടുമടിയോടടുക്കുമ്പോഴെന്തിത്ര കയ്പ്പ്!

അശുദ്ധയെന്നപുത്തുകാമുവത്തു തന്നെ
അറപ്പോടെ നോക്കുകാജ്ജീവിയെ
സകലപരീക്ഷയും താണ്ടിയെത്തിയ

മിഥിലാകുമാരിയെ ഉപേക്ഷിച്ചപ്പോൾ
കൗരവസഭയിൽ വലിച്ചിഴച്ച
തൊട്ടാൽപൊള്ളുന്ന സൈരന്ധ്രിയെപ്പോൽ
പ്രകൃതിയെപ്പോലും വിടാത്തയീസമൂഹത്തിൽ
അബലയാമീ പെണ്ണിനെന്തു വില !

എത്ര കടിച്ചിറക്കിചവച്ചരച്ച്
തുപ്പികളഞ്ഞാലും
അവിടെനിന്നും പുതുനാമ്പെടുത്ത്
പടർന്നുകയറുന്ന ഓർമ്മകൾക്കും,
ആണിന്റെ കണ്ണീരിനും,
പെണ്ണിന്റെ മാനത്തിനും
വിലയിടാൻ പണ്ടേ എന്തോ തിടുക്കം ?
എന്തോ തിരക്ക് ?

പെട്ടെന്ന് കനവിൽനിന്ന് വഴുതിവീണവളും
ആവർത്തിച്ചിടിച്ചവരെൻ കൈകളിൽ
ദയയിരക്കും നോട്ടമൊന്നെയ്തവൾ

കണ്ണുകൾ മാറ്റി ഞാൻ കണ്ടുനിൽക്കാനാകാതെ
പാദസ്വരനാദങ്ങളിൽ ഞാൻ ലയിച്ചിരുന്ന
കാൽപനികലോകത്തെത്തന്നെയുലച്ചിരുന്ന
എന്നെ സ്നേഹത്താൽ പൊതിഞ്ഞിരുന്ന
ആ പെൺകൊടി തന്നെയല്ലേ നീ

ഒരു നിമിപോലും പാഴാക്കിയില്ല
മാറോട് ചേർത്തു ഞാനെൻ ജീവനെ
ഇനിയവർ പറയട്ടെയെൻ കർണ്ണങ്ങൾ തോറും
ഒന്നുമല്ലയെനിക്കവ ഇവൾക്കുമുന്നിൽ
ആ അനീതിയിൽ നീതിയായ്
ആ അന്ധകാരത്തിൽ വെട്ടമായ്
ആ നിശബ്ദതയിലെ നാദമായ്
അവളുണർന്നുവൊരു തീജ്വാലയായ്

× ~~~~~~ ×